

# പച്ചപ്പാന

ഡേവീസ് വളർക്കാവ്

അവനും ശിഷ്യരും
കടപ്പുറത്തുകൂടെ
വരികയായിരുന്നു
കരഞ്ഞുകൊണ്ടൊരു സ്ത്രീ
അരികിലേക്ക് ഓടിവന്നു

നാഥാ
തിര വന്ന് കയറി
എന്റെ കിടപ്പാടം നഷ്ടമായി
തലചായ്ക്കാനിടമെനിക്കില്ല
ഞാനെന്തു ചെയ്യേണ്ടൂ
അവൾ തേങ്ങിക്കരഞ്ഞു.

ആശ്വസിക്ക
നീ ആശ്വാസിക്ക മകളെ
എന്നവൻ
കരുണാർദ്രമായ് മൊഴിഞ്ഞ്
അവളുടെ നിറുകയിൽ കൈവച്ചു.

അനന്തരം മടിശ്ശീലയിൽനിന്ന്
കണ്ടലിന്റെ വിത്തുകളെടുത്ത്
അവൾക്കു നൽകികൊണ്ട്
അരുൾ ചെയ്തു.
"ഇത് നിനക്കും തലമുറകൾക്കുമായി
നൽകപ്പെട്ടത്
ഇവ നട്ടുവളർത്തി പരിപാലിക്കുക"

കരുണയുടെ കരങ്ങൾ
നിന്നോടൊപ്പമുണ്ടാകും
നീ ആശ്വസിക്ക

അനന്തരം അവനും
ശിഷ്യരിലൊരാളൊഴികെ
എല്ലാവരും കിഴക്കോട്ട്
യാത്ര തുടർന്നു.

* * * * * * *

ഒരിക്കൽ
നഗരത്തിലേക്കുള്ള യാത്രയിൽ
ഗ്രാമത്തിലൂടെ/ അവനും ശിഷ്യരും
കടന്നു പോകയായിരുന്നു
അവരുടെ ഭക്ഷണശേഖരം
തീർന്നു പോയിരുന്നു.

ഒരു ശിഷ്യൻ
നെല്ലിക്കപറക്കുന്നതവൻ കണ്ടു
അരുത് എന്നവൻ
കരചലനത്താൽ ശാസിച്ചു
ഇതു കണ്ട മറ്റൊരു ശിഷ്യൻ

ഗുരോ, ഞങ്ങൾക്ക് വിശക്കുന്നു
നെല്ലിക്ക പറിക്കരുതെന്ന്
നീ ശാസിക്കുന്നു
ശാബത്തിനെ എതിർത്ത നീ
ഞങ്ങളെ എന്തിനു തടയുന്നു

കുറച്ചുനേരത്തെ മൗനശേഷം
അവനിപ്രകാരം പറഞ്ഞു
ഞാൻ പറഞ്ഞതും
ഇനി പറയാനിരിക്കുന്നതും
കേട്ടു കൊള്ളുക
ഇതെന്റെ പിതാവിന്റെ
ശബ്ദമാണ്
"വിശക്കുമ്പോൾ പ്രലോഭിക്കപ്പെടും
പരീക്ഷിക്കപ്പെടുമ്പോൾ പതറാതിരിക്കുക."
എല്ലാ ജീവനും അർഹമായത് ലഭിക്കും.
മനുഷ്യപുത്രൻ വന്നത് അതിനുകൂടിയാണ്.

ശിഷ്യരേ,
ഈ കായ് ഫലങ്ങളിൽ
വിഷം തളിച്ചിരിക്കുന്നു
കണ്ണുള്ളവൻ കാണട്ടെ
അത് പിശാചിന്റെ പ്രവൃത്തിയാണ്.
ജീവന്റെ മഹാ നിയമങ്ങളെ
മാനിക്കാത്ത ക്രൂരത
നിങ്ങൾ ഇത് ഭക്ഷിക്കരുത്
അൽപ്പ നേരത്തെ
മൗനത്തിനു ശേഷം
അവൻ തുടർന്നു:
മണ്ണിനെ നശിപ്പിക്കുന്നവരേ
അന്നത്തെ വിഷമയമാക്കുന്നവരെ
ഹാ, നിങ്ങൾക്കു കഷ്ടം.

ഇതു പറയുമ്പോൾ
അവന്റെ മുഖം
അസ്തമയ സൂര്യനെ പോലെയായിരുന്നു.
ശിഷ്യന്മാർ ഭയപ്പെട്ടുപോയി.

* * * * * * *

ഒരു മഞ്ഞുകാലത്ത്
മലയിലെ പ്രസംഗം കഴിഞ്ഞ്
അവനും ശിഷ്യരും ഇറങ്ങി വരികയായിരുന്നു

കരഞ്ഞുകലങ്ങിയ കണ്ണുകളോടെ
ഒരു യുവാവ് അവന്റെ മുന്നിൽ
നിന്ന് കൈ കൂപ്പി.

നാഥാ...
കർഷകനായ എന്റെ അപ്പൻ
കടം വന്ന് ആത്മഹത്യ ചെയ്തു
പ്രായമായ അമ്മയും സഹോദരിയും.
ഞങ്ങൾക്കിനി ആരുമില്ല
തേങ്ങികരഞ്ഞുകൊണ്ടയാൾ
പറഞ്ഞുനിർത്തി.

യുവാവിനെ അലിവോടെ
സ്പർശിച്ചുകൊണ്ടവൻ ചോദിച്ചു:
മകനേ,
ഭക്ഷ്യവിളയോ, നാണ്യവിളയോ
ഏതായിരുന്നു കൃഷിചെയ്തിരുന്നത്?
നാണ്യവിളയെന്ന്
യുവാവ് വെളിപ്പെടുത്തി

മകനേ ആശ്വസിക്കൂ
നീ പോയി അമ്മയേയും സഹോദരിയേയും
ആശ്വസിപ്പിക്കൂ
നിന്നിലെ വെളിച്ചം കൂടി അണയാതിരിക്കട്ടെ.
രാത്രിക്കുശേഷം
പകൽ കാണുന്നില്ലേ, അശ്വസിക്ക
ഞങ്ങളുടെ പ്രാർത്ഥന
കുടുംബത്തോടൊപ്പമുണ്ടാകും,
കുറച്ചുനേരത്തെ
മൗനത്തിനുശേഷം, കൂടിനിന്നവരോടായി
അവൻ തുടർന്നു.
എല്ലാവരും ചേർന്ന്
ഭക്ഷ്യവിളകൾ
കൃഷി ചെയ്യാൻ തുടങ്ങുക
ഭൂമിയിൽ അനുഗ്രഹങ്ങൾ
വർഷിക്കപ്പെടുന്നു
വിളവെടുപ്പുകാലത്ത്
ഞങ്ങളിതുവഴി വീണ്ടുംവരും
ഈ സദ്വാർത്ത
എല്ലാവരെയും അറിയിക്കുക
അനന്തരം
അവനും ശിഷ്യരും മലയിറങ്ങി.